REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **റെയിൽവേയുടെ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടി കേന്ദ്ര ഗവൺമെന്റ് നവരത്ന പദവി നൽകി.**
- **നമോ ആപ്പ് ഓപ്പൺ ഫോറത്തിൽ കൂടുതൽ പ്രചോദനകരമായ ജീവിതാനുഭവ കഥകൾ പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനം.**
- **ഇന്ന് ദേശീയ സുരക്ഷാ ദിനം.**
- **കാസർകോട് മഞ്ചേശ്വരം ഹൊസങ്കടി വാമഞ്ചൂരിൽ നിയന്ത്രണം വിട്ട കാർ ഡിവൈഡറിൽ ഇടിച്ചുകയറി മൂന്നു പേർ മരിച്ചു.**
- **ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.**

## വാർത്തകൾ വിശദമായി

റെയിൽവേയുടെ രണ്ട് പൊതുമേഖല സ്ഥാപനങ്ങൾക്ക് കൂടി കേന്ദ്രഗവൺമന്റ് നവരത്ന പദവി നൽകി. അന്താരാഷ്ട്ര മത്സരശേഷിയും രാജ്യവളർച്ചയെ വേഗത്തിലാക്കാൻ സഹായിക്കുന്നതും ലാഭകരവുമായ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾക്കാണ് നവരത്ന പദവി നൽകുന്നത്. നിലവിൽ 18 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ പദവി ലഭിച്ചിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആന്റ് ടൂറിസം കോർപ്പറേഷൻ- IRCTC യ്ക്കും, ഇന്ത്യൻ റെയിൽവേ ഫൈനാൻസ് കോർപ്പറേഷൻ IRFC യ്ക്കുമാണ് പുതുതായി നവരത്ന പദവി ലഭിച്ചത്. IRFC യ്ക്ക് 26,000 കോടി രൂപയുടെ വാർഷിക വിറ്റുവരവും IRCTC യ്ക്ക് 4,000 കോടിയിൽപരം രൂപയുടെ വിറ്റുവരവുമുണ്ട്. ഇതോടെ, റെയിൽവേയുടെ ഏഴ് പൊതുമേഖല സംരംഭങ്ങൾക്ക് നവരത്ന പദവി ലഭിച്ചതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഡൽഹയിൽ വെളിപ്പെടുത്തി. റെയിൽവേയെ ലോക നിലവാരത്തിലേക്ക് പരിവർത്തനപ്പെടുത്തുകയെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് വലിയൊരു ചുവടുവെപ്പാണ് ഇതെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

നമോ ആപ്പ് ഓപ്പൺ ഫോറത്തിൽ കൂടുതൽ പ്രചോദനകരമായ ജീവിതാനുഭവ കഥകൾ പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളെ ആഹ്വാനം ചെയ്തു. വനിതാദിനത്തോട് അനുബന്ധിച്ച് ഈ മാസം എട്ടിന് പ്രധാനമന്ത്രിയുടെ സാമൂഹ്യ മാധ്യമങ്ങളുടെ ചുമതല സ്ത്രീകൾക്ക് നൽകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ബജറ്റിന് ശേഷം നടത്തുന്ന മൂന്ന് വെബിനാറുകളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യും.

സ്വകാര്യ മേഖലയിലെ വിദഗ്ധർ, വ്യവസായ പ്രതിനിധികൾ, വിഷയ വിദഗ്ധർ എന്നിവർ വെബിനാറിന്റെ ഭാഗമാകും.

✪✪✪

ബസുകളിലും ട്രക്കുകളിലും ഹൈഡ്രജൻ ഇന്ധന ഉപയോഗവുമായി ബന്ധപ്പെട്ട അഞ്ച് പൈലറ്റ് പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് തുടക്കമിട്ടു. 37 വാഹനങ്ങളും ഒമ്പത് ഹൈഡ്രജൻ പമ്പിംഗ് സ്റ്റേഷനുകളുമാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 15 എണ്ണം ഹൈഡ്രജൻ സെല്ലുകൾ ഉപയോഗിക്കുന്ന വാഹനങ്ങളും 22 എണ്ണം ഹൈഡ്രജൻ ആന്തരിക ജ്വലന എഞ്ചിനുകൾ ഉപയോഗിക്കുന്നവയുമാണ്. അടുത്ത ഒന്നര മുതൽ രണ്ട് വർഷത്തിനകം പൈലറ്റ് പദ്ധതികൾ ആരംഭിക്കും.

✪✪✪

തിരുവനന്തപുരത്ത് സ്കൂൾ കെട്ടിടത്തിൽ കഴിഞ്ഞ് ഫെബ്രുവരി 14ന് വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ അടിയന്തര അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി.

മറ്റ് വിദ്യാർത്ഥികൾക്ക് മുന്നിൽ സ്കൂളിലെ ക്ലർക്ക് അപമര്യാദയായി പെരുമാറിയതിനെ തുടർന്നാണ് വിദ്യാർത്ഥി ആത്മഹത്യ ചെയ്തതെന്നാണ് പരാതി.

പരുത്തിപ്പള്ളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഒന്നാംവർഷ വിദ്യാർത്ഥി എബ്രഹാം ബെൻസൺ ആണ് മരിച്ചത്. കുട്ടിയുടെ പിതാവിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ ഉത്തരവ്.

✪✪✪

സംസ്ഥാനത്ത് മയക്കുമരുന്നുകൾക്കെതിരെ നടത്തിയ ഓപ്പറേഷൻ D ഹണ്ട് പരിശോധനയിൽ 2,854 പേരെ അറസ്റ്റു ചെയ്യുകയും ഒരു കിലോ 312 ഗ്രാംMDMA യും 154 കിലോയോളം കഞ്ചാവും മറ്റ് മയക്കുമരുന്നുകളും പിടികൂടിയതായി പൊലീസ് അറിയിച്ചു. ഹാഷിഷ് ഓയിൽ ബ്രൗൺ ഷുഗർ, നൈട്രോസെപാം, അൽപ്രെസലാം ഗുളികകളും, ഹെറോയിനും പിടിച്ചെടുത്തവയിൽ ഉൾപ്പെടുന്നു.

2,762 കേസുകൾ രജിസ്റ്റർ ചെയ്തു. കഴിഞ്ഞ് ഫെബ്രുവരി 22 മുതൽ മാർച്ച് ഒന്നുവരെയായിരുന്നു ഓപ്പറേഷൻ Dഹണ്ട്.

മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 17,246 പേരെ നിരീക്ഷിച്ചായിരുന്നു റെയ്ഡ്. ഇവരെ പറ്റി ഡാറ്റാബാങ്ക് തയ്യാറാക്കി ഓപ്പറേഷൻ D ഹണ്ട് തുടരുമെന്ന് പൊലീസ് അറിയിച്ചു.

✪✪✪

സർവകലാശാലാ നിയമഭേദഗതി ബില്ലിന്റെ വിശാല ലക്ഷ്യങ്ങളെ തമസ്കരിക്കാൻ ചിലർ വ്യാജ പ്രചാരണം നടത്തുകയാണെന്ന് മന്ത്രി ഡോ. R ബിന്ദു കുറ്റപ്പെടുത്തി. സർവകലാശാല നിയമങ്ങളിലേയും ചട്ടങ്ങളിലേയും കാലഹരണപ്പെട്ട ഭാഗങ്ങൾ ഒഴിവാക്കി സമഗ്ര പരിഷ്കരണം ഉറപ്പാക്കുകയാണ് ഭേദഗതി ബില്ലിന്റെ ലക്ഷ്യമെന്ന് അവർ പറഞ്ഞു.

കോളേജ് അധ്യാപകർ തദ്ദേശ സ്ഥാപനങ്ങളുടെ അധ്യക്ഷ പദവിയിലിരിക്കുന്ന കാലയളവ്, ശമ്പളമില്ലാത്ത അവധിയായി കണക്കാക്കാമെന്ന് വ്യവസ്ഥയാണ് വ്യക്തിപരമായ ആരോപണത്തിന് കാരണമെന്ന് മന്ത്രി വിശദീകരിച്ചു.

✪✪✪

ഇന്ന് ദേശീയ സുരക്ഷാ ദിനം. ജോലിസ്ഥലങ്ങൾ ഉൾപ്പെടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കാനാണ് എല്ലാ വർഷവും മാർച്ച് 4ന് ദേശീയ സുരക്ഷാ ദിനമായി ആചരിക്കുന്നത്. ദേശീയ സുരക്ഷാ കൗൺസിലിന്റെ നേതൃത്വത്തിലാണ് ദിനാചരണം.

ഈ മാസം പത്ത് വരെ നീളുന്ന ദേശീയ സുരക്ഷാ വാരാചരണത്തിനും ഇന്ന് തുടക്കമാകും.

✪✪✪

ഡ്രൈവിംഗിൽ മികവ് പുലർത്തുന്നവർക്ക് മാത്രം ലൈസൻസ് കൊടുക്കുകയാണ് KSRTC ഡ്രൈവിംഗ് സ്കൂളുകളുടെ ലക്ഷ്യമെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. തിരുവനന്തപുരം കാട്ടാക്കടയിലെ KSRTC ഡ്രൈവിംഗ് സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇത്തരം ഡ്രൈവിംഗ് സ്കൂളുകളിലൂടെ KSRTC യ്ക്ക് ആറ് മാസം കൊണ്ട് 31.60 ലക്ഷം രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞതായി മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിൽ വിദ്യാർഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന സംഘടിത ആക്രമണങ്ങൾക്കും, ക്രിമിനൽ മനോഭാവത്തിനും തടയിടാൻ ജുവനൈൽ ജസ്റ്റിസ് നിയമത്തിൽ ഭേദഗതി കൊണ്ടുവരണമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് ആവശ്യപ്പെട്ടു. കുറ്റവാളികൾക്ക് കടുത്ത ശിക്ഷ ലഭിക്കുന്ന തരത്തിലാണ് ഭേദഗതി കൊണ്ടുവരേണ്ടതെന്നും അദ്ദേഹം താമരശ്ശേരിയിൽ പറഞ്ഞു.

താമരശ്ശേരിയിൽ മർദനത്തെ തുടർന്ന് ചികിൽസയിലിരിക്കെ മരിച്ച മുഹമ്മദ് ഷാഹബാസിന്റെ വീട് സന്ദർശിച്ച MT രമേശ് പിതാവിനേയും ബന്ധുക്കളെയും ആശ്വസിപ്പിച്ചു.

✪✪✪

ചെട്ടികുളങ്ങര കുംഭഭരണി ഇന്ന്. ശിവരാത്രി നാൾ ആരംഭിച്ച കുത്തിയോട്ട വഴിപാടുകളും കെട്ടുകാഴ്ചകളും ഇന്ന് ചെട്ടികുളങ്ങര ഭഗവതിക്കു മുമ്പിൽ സമർപ്പിക്കും.

കൂടുതൽ വിവരങ്ങളുമായി ആലപ്പുഴയിൽ നിന്ന് ആകാശവാണി പ്രതിനിധി R രവികുമാർ.....

........വോയ്സ്........

കുത്തിയോട്ട ഘോഷയാത്രകൾ ക്ഷേത്രത്തിലേക്ക് നീങ്ങിത്തുടങ്ങി 14 വീടുകളിൽ നിന്നാണ് കുത്തിയോട്ടങ്ങൾ  എത്തുന്നത്. ചെട്ടികുളങ്ങരക്ക് പുറമെ ഹരിപ്പാട് മാന്നാർ ഓച്ചിറ എന്നിവിടങ്ങളിൽ നിന്ന് കുത്തിവട്ടങ്ങൾ എത്തുന്നുണ്ട് ഉച്ചയോടെ കുത്തിയോട്ട സമർപ്പണം പൂർത്തിയാകും വൈകിട്ട് 13 കരകളിൽ നിന്നുള്ള കെട്ടുകാഴ്ചകൾ ക്ഷേത്രത്തിലേക്ക് നീങ്ങി തുടങ്ങും .ആറ് കുതിര അഞ്ച് തേര് ഭീമൻ ഹനുമാൻ പാഞ്ചാലി എന്നീ കെട്ടുകാഴ്ചകളാണ് എത്തുക.രാത്രിയോടെ ഇവയെല്ലാം കരകളുടെ ക്രമം അനുസരിച്ച് ക്ഷേത്രനിടയിലെ കാഴ്ച കണ്ടത്തിൽ അണിനിരക്കും.കാഴ്ചയുടെ വർണ്ണവിസ്മയം ആസ്വദിക്കാൻ പതിനായിരങ്ങളാണ് ക്ഷേത്രത്തിൽ എത്തിയിട്ടുള്ളത് '.ഇന്ന് മാവേലിക്കര കാർത്തികപ്പള്ളി താലൂക്കുകളിൽ പ്രാദേശി അവധിയും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രദേശത്ത്  ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്

✪✪✪

കാസർകോട് മഞ്ചേശ്വരം ഹൊസങ്കടി വാമഞ്ചൂരിൽ നിയന്ത്രണം വിട്ട കാർ ഡിവൈഡറിൽ ഇടിച്ചുകയറി മൂന്നു പേർ മരിച്ചു.

ഒരാൾക്ക് ഗുരുതരമായി പരുക്കേറ്റു. ഉപ്പള ബേക്കൂർ കണ്ണാടിപ്പാറയിലെ ജനാർദനൻ, മകൻ വരുൺ, ബന്ധുവായ കിഷൻ കുമാർ എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരുക്കേറ്റ ഉപിനങ്ങാടി സ്വദേശി രത്തനെ മംഗളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാത്രി പത്തരയോടെയായിരുന്നു അപകടം. അപകടത്തിൽ കാർ പൂർണമായും തകർന്നു. കാറിനകത്ത് കുടുങ്ങിയവരെ ഫയർ ഫോഴ്സും പോലീസും നാട്ടുകാരും ചേർന്ന് പുറത്തെടുത്തെങ്കിലും മൂന്നുപേർ മരിച്ചിരുന്നു.

✪✪✪

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം. രണ്ടാം സെമിയിൽ നാളെ ദക്ഷിണാഫ്രിക്കയും ന്യൂസിലാൻഡും ഏറ്റുമുട്ടും.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ റണ്ണേഴ്സ് അപ്പായ കേരള ടീമിനെ സംസ്ഥാന ഗവൺമെന്റ് ഇന്ന് അനുമോദിക്കും. തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി V അബ്ദു റഹിമാൻ, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ISL ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, ചെന്നൈയിൻ FC യെ പരാജയപ്പെടുത്തി. ചെന്നൈയിൽ എതിരില്ലാത്ത മൂന്നു ഗോളിനാണ് നോർത്ത് ഈസ്റ്റ് യുണൈറ്റഡിന്റെ ജയം.

ഇന്ന് FC ഗോവ, മൊഹമ്മദൻ SC യെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് ഗോവയിലാണ് മത്സരം.

✪✪✪

കോഴിക്കോട്ടെ മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ ഈ മാസം ടെണ്ടർ ചെയ്യുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു. 482 കോടിയോളം രൂപയാണ് റോഡ് പുനരുദ്ധാരണത്തിന് ചെലവഴിക്കുന്നത്. മാനാഞ്ചിറ മുതൽ മലാപ്പറമ്പ് വരെ 5.3 കിലോമീറ്റർ റോഡ് 24 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി നിർമ്മിക്കുന്നതിനാണ് കരാർ.

✪✪✪

MT വാസുദേവൻ നായർക്ക് പ്രണാമമർപ്പിച്ച് അഞ്ചു ദിവസത്തെ തുഞ്ചൻ ഉത്സവത്തിന് സമാപനമായി. സമാപന സമ്മേളനം തുഞ്ചൻ സ്മാരക ട്രസ്റ്റ് ചെയർമാൻ വൈശാഖൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിലുടനീളം സാഹിത്യ സദസ്സുകൾ നടക്കുമ്പോഴും സമൂഹത്തിലെ ഒരുവിഭാഗം ലഹരിക്ക് അടിമപ്പെട്ട സ്ഥിതിയാണെന്ന് വൈശാഖൻ പറഞ്ഞു. അത് സംസ്കാരത്തെ മലിനപ്പെടുത്തും. അതിനെതിരെ പോരാടാൻ കലയും സാഹിത്യവും മാധ്യമമായി മാറണമെന്ന് അദ്ദേഹം നിർദേശിച്ചു.

✪✪✪

സംസ്ഥാനത്തെ കീം 2025 പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 10 വരെ അപേക്ഷ നൽകാം. കേരള എഞ്ചിനിയറിംഗ് - മെഡിക്കൽ, ആർകിടെക്ച്ചർ, ഫാർമസി, മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേക്കാണ് പ്രവേശനം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

✪✪✪

ആശാ വർക്കർമാരോട് ഗവൺമെന്റ് അനാസ്ഥ കാണിക്കുന്നതായി ആരോപിച്ച് BJP തിരുവനന്തപുരം സിറ്റി ജില്ലാ കമ്മിറ്റി രാവിലെ സെക്രട്ടറിയേറ്റ് മഹിളാ മാർച്ച് സംഘടിപ്പിക്കും. BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ഉദ്ഘടനം ചെയ്യും.

✪✪✪

ഇടുക്കി വട്ടവട പഞ്ചായത്തിലെ തകർന്ന റോഡുകൾ നന്നാക്കുന്നില്ലെന്ന് ആരോപിച്ച് വട്ടവടയിൽ കോൺഗ്രസ് ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. രാവിലെ ആറ് മുതൽ വൈകിട്ട് അഞ്ച് വരെയാണ് ഹർത്താൽ.

✪✪✪

കണ്ണൂരിലെ മൊകേരി വള്ള്യായിൽ കാട്ടുപന്നി ആക്രമണത്തിൽ മരിച്ച കർഷകൻ ശ്രീധരന്റെ ആശ്രിതർക്ക് വനംവകുപ്പിന്റെ നഷ്ടപരിഹാര തുകയുടെ ആദ്യ ഗഡു രാവിലെ കൈമാറും. ഇന്നലെ രാവിലെ കൃഷിയിടത്തിലാണ് ശ്രീധരനെ കാട്ടുപന്നി ആക്രമിച്ചത്. മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു.

✪✪✪

കോഴിക്കോട് പെരുമണ്ണയിൽ റെഡി മെയ്ഡ് കടയുടെ മറവിൽ മയക്കുമരുന്ന് വിൽപ്പന നടത്തിയ മൂന്ന് പേരെ പന്തീരങ്കാവ് പോലീസ് പിടികൂടി. സവാദ് , റാസിക്ക്, ജംഷീർ , എന്നിവരിൽ നിന്ന് ഏഴ് ഗ്രാമോളം MDMA യും കണ്ടെടുത്തു.

✪✪✪

കോഴിക്കോട് താമരശ്ശേരിയിൽ മയക്കുമരുന്ന് ഉപയോഗിച്ച യുവാവ്, സഹോദരനെ വാളുകൊണ്ട് വെട്ടിയ സംഭവത്തിൽ, ചമൽ സ്വദേശി അർജുനെ പൊലീസ് കസ്റ്റഡിയിൽ എടുത്തു. സഹോദരൻ അഭിനന്ദിനാണ് ആക്രമണത്തിൽ പരിക്കേറ്റത്.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: അനുഷ ആത്മപ്രകാശ്, സയ്യിദ് അലി ശിഹാബ്*
*DEO: സുബോധ് സി കെ*